പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി എ.ഡി.ബി. വായ്പ

6 (1190) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ജെ. പൗലോസ് :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഡി.ബി. വായ്പയിൽ നിന്നും എന്തെങ്കിലും തുക സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എത്ര തുകയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ തുക ഉപയോഗിച്ച് പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യത്തിൽ എന്തെല്ലാം ചെയ്യാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി 2002-2003 വർഷത്തെ ബഡ്ജറ്റിൽ 50 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2003-2004 വർഷത്തെ ബഡ്ജറ്റിൽ 84 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് പഠനം നടത്താൻ നിയോഗിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമായി സർക്കാർ അംഗീകരിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പദ്ധതികൾ നടപ്പാക്കുന്നതിനാണ് പ്രധാനമായും തുക വിനിയോഗിക്കുന്നത്. ഈ സ്ഥാപനങ്ങളിലെ സർക്കാർ ഗ്യാരന്റിയുള്ള വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ വഴി അടച്ചുതീർക്കുന്നതിനും വി.ആർ.എസിനും, മറ്റ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമാണ് പ്രധാനമായും തുക വിനിയോഗിക്കുന്നത്.

കിൻഫ്ര എം. ഡി. യുടെ വിദേശയാത്രകൾ

7 (1191) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിൻഫ്രയുടെ എം.ഡി. ഇപ്പോൾ ആരാണെന്ന് അറിയിക്കുമോ ;

(ബി) ഇദ്ദേഹം എത്ര വർഷമായി പ്രസ്തുത പദവിയിൽ തുടരുന്നു ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ഇദ്ദേഹം നടത്തിയ വിദേശ യാത്രകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly